Reg. No. : ....................................

Name : .......................................

**Code No. 5002**

**Second Year – March 2017**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം

# (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

HSSLIVE.IN

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ഗബ്രിയേൽ ഗാർസിയ മാർക്വേസ് രചിച്ച കൃതി ?

   [ദ പെഴ്സിസ്റ്റൻസ് ഓഫ് മെമ്മറി, ഗോദോയെ കാത്ത്, ഏകാന്തതയുടെ നൂറ് വർഷങ്ങൾ, സൂര്യശില]

2. "കോകിലനാരി പോലെ നീ പരഭൃതയല്ലോ
   പോക വൈകാതെ നിന്നെ കാൺകയിലിച്ഛയില്ല" – ആരുടെ വാക്കുകൾ ?

   [കേശിനി, ദുഷ്യന്തൻ, ദമയന്തി, ശകുന്തള]

3. ഭൈമി, വൈദർഭി എന്നീ പേരുകളിൽ അറിയപ്പെടുന്ന കഥാപാത്രം ?

   [സീത, ശീലാവതി, ദമയന്തി, ബാഹുകൻ]

4. കലാമണ്ഡലം ഹൈദരാലിയുടെ ഗുരു ?
[അമ്മന്നൂർ മാധവചാക്യാർ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, സി.പി. ആന്റണി, പുലിക്കോട്ടിൽ ഹൈദർ]

5. ഗംഗ, യമുന, സരസ്വതി എന്നിവയുടെ സംഗമ സ്ഥാനമെന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലം
[യമുനോത്രി, ബദരി, ത്രിവേണി, സപ്ത ഋഷികുണ്ഡ്] **(സ്കോർ : 5 × 1 = 5)**

**ചേരുംപടി ചേർക്കുക.**

| | | |
|---|---|---|
| 6. മാജിക്കൽ റിയലിസം | – | സച്ചിൻ ടെൻഡുൽക്കർ |
| 7. കത്ത്പാട്ട് | – | പി. സായ്നാഥ് |
| 8. തനത് നാടകവേദി | – | ഗബ്രിയേൽ ഗാർസിയ മാർക്വേസ് |
| 9. നല്ലൊരു വരൾച്ചയെ എല്ലാവരും ഇഷ്ടപ്പെടുന്നു | – | പുലിക്കോട്ടിൽ ഹൈദർ |
| 10. സ്ട്രെയിറ്റ് ഡ്രൈവ് | – | കാവാലം നാരായണപ്പണിക്കർ |

**(സ്കോർ : 5 × 1 = 5)**

**പ്രസ്താവനകൾ ശരിയോ തെറ്റോ എന്നു കണ്ടെത്തി എഴുതുക.**

11. എം. മുകുന്ദൻ രചിച്ച നോവലാണ് 'പ്രതിമയും രാജകുമാരിയും'.

12. ഒരു സാമൂഹിക സമ്പർക്ക മാധ്യമമാണ് ഫേസ്ബുക്ക്. **(സ്കോർ : 2 × 1 = 2)**

13. താഴെ കൊടുത്ത പരാതിയിലെ ആശയം പത്രവാർത്തയുടെ രൂപത്തിലാക്കി ഉചിതമായ തലക്കെട്ട് നിർദ്ദേശിക്കുക.

'ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക്,

ഞാൻ ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായ എന്ന പ്രദേശത്ത് താമസിക്കുന്നയാളാണ്. വർഷത്തിൽ ആറുമാസത്തോളം എന്റെയും അയൽപ്പക്കത്തുള്ളവരുടെയും കിണറുകളിൽ ശുദ്ധജലം ലഭ്യമല്ല. ബാക്കി സമയങ്ങളിൽ കലങ്ങിയ മഞ്ഞവെള്ളമാണ് കിട്ടുന്നത്. കുടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഈ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലായതുകൊണ്ട് വലിയ വിലകൊടുത്ത് ലോറിയിൽ വരുന്ന വെള്ളം വാങ്ങിയാണ് ഞങ്ങൾ ഉപയോഗിക്കുന്നത്. ഞങ്ങളുടെ വീടിനടുത്തുള്ള കടവിൽനിന്ന് വർഷങ്ങളായി അനധികൃതമായി മണൽ വാരൽ നടക്കുന്നുണ്ട്. മണലെടുക്കൽ നടക്കുംതോറും പരിസരങ്ങളിലെ കിണറുകളിൽ വെള്ളം താഴുകയും മലിനമാവുകയും ചെയ്യുകയാണ്. മണലെടുത്ത കുഴികളിൽ വീണ് ഇവിടെ അപകടങ്ങളും നിരന്തരം ഉണ്ടാകുന്നുണ്ട്. പലതവണ ഇക്കാര്യം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അങ്ങയുടെ സത്വര ശ്രദ്ധ പതിയണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.'

**(സ്കോർ : 4)**

HSSLiVE.IN

**നാലു വാക്യത്തിൽ ഉത്തരമെഴുതുക.**

14. On a lighter note, in the last 29 years, Sir has never ever said 'well played' to me because he thought I would get complacent and I would stop working hard. May be he can push his luck and wish me now, well done on my career because there are no more matches, Sir, in my life. I will be witnessing cricket and cricket will always stay in my heart but you have had an immense contribution in my life, so thank you very much.

വിടവാങ്ങൽ പ്രസംഗത്തിൽ സച്ചിൻ ടെൻഡുൽക്കർ തന്റെ പരിശീലകനായ അച്രേക്കറെക്കുറിച്ച് നടത്തുന്ന പരാമർശമാണിത്. ഇവിടെ സൂചിപ്പിക്കപ്പെടുന്ന ഗുരുശിഷ്യബന്ധം മാതൃകാപരമാണോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

15. കേശിനിയുടെ വാക്കുകളിൽ നിന്ന് ബാഹുകൻ നളൻ തന്നെയാണെന്ന നിഗമനത്തിലേക്ക് ദമയന്തി എത്തിച്ചേർന്നതെങ്ങനെ ?

16. ഒരാൾ മോഷ്ടാവായി മാറുന്നതിന്റെ സാമൂഹിക കാരണങ്ങൾ അയ്യപ്പപ്പണിക്കരുടെ മോഷണം എന്ന കവിതയിലുണ്ടോ ? പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

17. പറിച്ചുനടലുകൾ സൃഷ്ടിച്ച വൈകാരിക പ്രതിസന്ധികളെ ടോട്ടോയും ജോവലും ഭാവനകൊണ്ട് നേരിടുകയാണോ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

18. 'നമ്മുടെ ജവാൻമാരെയല്ലേ ദേവന്മാരെക്കാൾ കൂടുതൽ ആദരിക്കേണ്ടത്.' ഇങ്ങനെയൊരു ചിന്തയിലേക്ക് എസ്.കെ. പൊറ്റെക്കാട് എത്തിച്ചേർന്നതെങ്ങനെ ?

**(സ്കോർസ് : 5 × 4 = 20)**

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. തന്റെ ജീവിതം അന്യമാക്കുന്ന അധിനിവേശ വ്യവസ്ഥക്കെതിരെയുള്ള കീഴാളന്റെ അമർഷമാണ് കടമ്മനിട്ടയുടെ 'കിരാതവൃത്തം' എന്ന കവിത – ഈ അഭിപ്രായം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

20. 'മാപ്പിളപ്പാട്ടിന്റെ ലോകത്തിൽ സവിശേഷ മുദ്ര പതിപ്പിച്ച കവിയാണ് പുലിക്കോട്ടിൽ ഹൈദർ.' ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക.

21. 'സാമൂഹിക മാധ്യമങ്ങൾ വിദ്യാലയങ്ങളിൽ നിരോധിക്കപ്പെടേണ്ടതുണ്ടോ' – എന്ന സംവാദത്തിൽ പങ്കെടുത്ത് നിങ്ങൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന വാദഗതികൾ വിശദമാക്കുക.

22. പുരുഷാധികാരത്തോടുള്ള പ്രതികരണത്തിൽ ശകുന്തളയും ശീലാവതിയും വ്യത്യസ്തരാണോ ? താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

**(സ്കോർസ് : 4 × 5 = 20)**



HSSLIVE.IN

**ഓരോന്നിനും ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.**

23. 'കലയും കായിക വിനോദങ്ങളും മനുഷ്യർക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലുമുള്ള വേലിക്കെട്ടുകൾ തകർത്ത് ഉദാത്തമായ മാനവികതയെ സ്ഥാപിക്കുന്നു. കലാമണ്ഡലം ഹൈദരാലിയുടെയും സച്ചിൻ ടെൻഡുൽക്കറുടേയും ജീവിതാനുഭങ്ങളുടെ വെളിച്ചത്തിൽ നാട്ടിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ രൂപീകരണ യോഗത്തിൽ അവതരിപ്പിക്കാനായി ഒരു പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലൂടെ കാവാലം നാരായണപ്പണിക്കർ നിർവ്വഹിക്കുന്ന സാമൂഹിക വിമർശനമെന്ത് ?

24. 'യാത്രാ വിവരണങ്ങൾ ആത്മാന്വേഷണങ്ങളും ചരിത്രാന്വേഷണങ്ങളുമാണ്' – എസ്.കെ. പൊറ്റെക്കാടിന്റെയും എം.പി. വീരേന്ദ്രകുമാറിന്റെയും യാത്രവിവരണങ്ങളെ ആധാരമാക്കി പരിശോധിക്കുക.

**അല്ലെങ്കിൽ**

'ബുദ്ധ ദർശനത്തെപോലും മറികടക്കുന്നവിധത്തിൽ ആത്മാന്വേഷണത്തിൽ അധിഷ്ഠിതമായ ഒരു പെൺബോധത്തിന്റെ ഉദയമാണ് ഗ്രേസിയുടെ ഗൗളിജന്മം എന്ന കഥ.' ഈ അഭിപ്രായം വിശകലനം ചെയ്യുക.

25. സാമൂഹിക മാധ്യമങ്ങളുടെ സവിശേഷതകളും ഇടപെടൽ സാദ്ധ്യതകളും വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

വിവര സാങ്കേതിക വിദ്യയുടെ കടന്നുവരവ് മനുഷ്യ ജീവിതത്തിൽ സാരമായ മാറ്റങ്ങൾ വരുത്തുന്നുണ്ടോ ? എം. മുകുന്ദന്റെ നോവൽ ഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

**(സ്കോർസ് : 3 × 8 = 24)**

HSSLiVE.IN